# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ഗുണഭോക്താവ് | പ്രവർത്തന വിശദീകരണം | സമയം | ചുമതല | തീയതി |
|---|---|---|---|---|---|---|
| ക്ലാസിലെ മുഴുവൻ കുട്ടികളെയും തെറ്റില്ലാതെ വായിക്കാനും എഴുതുവാനും പഠിപ്പിക്കൽ | വായിക്കാം എഴുതാം | മൂന്ന് ,നാല് ക്ലാസിലെ കുട്ടികൾ | പ്രീ ടെസ്റ്റ് നടത്തുന്നു.<br>വിവിധ നിലവാരക്കാരെ കണ്ടെത്തുന്നു.<br>ചിത്രത്തിൽ നിന്നും ഓരോന്നിന്റെയും പേരുകൾ പറയുന്നു. എഴുതുന്നു.<br>മറ്റു പദങ്ങൾ കണ്ടെത്തി എഴുതുന്നു. കഥയിലെ ഇഷ്ടപ്പെട്ട വാക്യങ്ങൾ പറയുന്നു. എഴുതുന്നു.<br>വാക്യങ്ങൾ നിർമ്മിക്കുന്നു.<br>കഥ അവതരിപ്പിക്കുന്നു. ചോദ്യങ്ങൾ, ഉത്തരങ്ങൾ കണ്ടെത്തുന്നു.<br>കഥയിലെ കഥാപാത്രങ്ങളുടെ ചിത്രം വരയ്ക്കുന്നു.<br>പേര് എഴുതുന്നു. | ലക്ഷ്യം നേടുന്നതു വരെ | അധ്യാപിക | ജൂൺ മുതൽ മാർച്ച് വരെ |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | റീഡേഴ്സ് തിയേറ്റർ | മൂന്നാം ക്ലാസിലെ കുട്ടികൾ | റീഡേഴ്സ് തിയേറ്റർ നടത്തുന്നു. കുട്ടികളുടെ പാട്ടരങ്ങ് നടത്തുന്നു. കുട്ടികൾ സർഗാത്മക ഡയറി തയ്യാറാക്കുന്നു. | ഒരു വർഷം | അധ്യാപിക | ജൂൺ മുതൽ മാർച്ച് വരെ |
| ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കൽ | മധുരം മലയാളം | നാലാം ക്ലാസിലെ കുട്ടികൾ | ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ,<br>ആവശ്യമായ സാമഗ്രി ഒരുക്കൽ പരിശീലനം നൽകുന്നു | ലക്ഷ്യം നേടുന്നതു വരെ | SRG ക്ലാസ് ടീച്ചർ | |
| ലേഖനശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരന്മാരെ അടുത്തറിയൽ | അറിയാം സാഹിത്യകാരന്മാരെ | മൂന്ന്, നാല് ക്ലാസ് | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആറു മാസം | | |
| അറിവ് ഡോക്യൂമെന്ററിയിലൂടെ നേടൽ | ICT കണ്ടറിയാം- കേട്ടറിയാം | മൂന്ന്, നാല് ക്ലാസ് | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ. പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ PTA(Fund) | |

| ലക്ഷ്യം | പ്രവർത്ത നങ്ങൾ | ഗുണഭോക്താവ് | പ്രവർത്തന വിശദീകരണം | സമയം | ചുമതല | തീയതി |
|---|---|---|---|---|---|---|
| നമ്മുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | രുചിച്ചറിയാം | മൂന്ന്, നാല് ക്ലാസ് | ഭക്ഷ്യമേള, പാചകക്കുറിപ്പ് അടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസിൽ ഒരു സദ്യ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ<br>പിടിഎ | |
| സാഹിത്യകാരന്മാരുടെ ജന്മ ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർക്കാം അഭിമാനിക്കാം | 1 മുതൽ 7വരെ | ഓർമ്മ ദിനങ്ങൾ ആചരിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം,ക്വിസ് ,ലഘു പ്രഭാഷണം, പതിപ്പ് പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയിൽ | കലക്കൂട്ട് | 4,5,6,7 | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാ അവതരണം കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | |
| ഭാഷാ പഠന ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | സർഗോത്സവം | 4,5,6,7 | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>PTA<br>CLASS PTA<br>ക്ലാസ് ടീച്ചർ | |
| മലയാള ഭാഷ വായിക്കുന്നതിന് | വായന | 5, 6, 7 ക്ലാസുകളിലെ പിന്നാക്ക ക്കാരായ കുട്ടികൾ | ചെറുകഥകൾ നൽകുന്നു. ചെറുകവിതകൾ നൽകുന്നു. പാഠപുസ്തകം വായിക്കുന്നു. | ആറു മാസം | ടീച്ചർ | നവംബർ വരെ |
| മലയാളഭാഷ എഴുതുന്നതിന് | ലേഖനം | 5,6, 7 ക്ലാസുകളിലെ പിന്നാക്ക ക്കാരായ കുട്ടികൾ | ലഘു രചന തയ്യാറാക്കുന്നു | ആറു മാസം | ടീച്ചർ | നവംബർ വരെ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ഗുണഭോക്താവ് | പ്രവർത്തന വിശദീകരണം | സമയം | ചുമതല | തീയതി |
|---|---|---|---|---|---|---|
| വായനാശീലം വർദ്ധിപ്പിക്കുന്നതിന് | .1 ലൈബ്രറി പുസ്തക വായന | 4,5, 6, 7 ക്ലാസുകളിലെ എല്ലാ കുട്ടികളും | ക്ലാസ്സ് വായനക്കൂട്ടം<br>ക്ലാസ് ലൈബ്രറി<br>വായനക്കുറിപ്പ് തയ്യാറാക്കൽ<br>പുസ്തക ആസ്വാദന അവതരണം | എട്ടു മാസം | ക്ലാസ് ടീച്ചർ | ജൂൺ മുതൽ ജനുവരി വരെ |
| സർഗാത്മക രചനകൾ നടത്തുന്നതിന് | സ്വന്തം രചനകൾ | 5, 6, 7 ക്ലാസുകളിലെ എല്ലാ കുട്ടികളും | സാഹിത്യ ശില്പശാല സംഘടിപ്പിച്ച് കുട്ടികളെ സ്വന്തം രചനകൾ തയ്യാറാക്കാൻ പ്രാപ്തരാക്കുന്നു | എട്ടു മാസം | വിദ്യാരംഗം ക്ലബ്ബ് | ജനുവരി വരെ |
| ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക | ആശയ ഗ്രഹണ വായന. | ഒന്നാം ക്ലാസിലെ കുട്ടികൾ | കുഞ്ഞെഴുത്ത് ചിത്രങ്ങൾക്ക് അടിക്കുറിപ്പ് എഴുതാൻ സംയുക്ത ഡയറി എഴുതൽ, ചിത്രത്തിൽ നിന്ന് കഥ കവിത എന്നിവയെഴുതൽ. ചിത്രകഥ പുസ്തകങ്ങൾ വായിക്കുന്നു. എല്ലാ മാസവും ഭാഷാ ക്ലാസുകളിൽ തൽസമയം നിർമ്മിത കഥകൾ വായിക്കൽ എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതുന്നത്തിനുള്ള കഴിവ് നേടുക | ഒരു വർഷം | ക്ലാസ് ടീച്ചർ | |

# ഗണിതം

| ലക്ഷ്യം | പ്രവർത്ത നങ്ങൾ | ഗുണഭോ ക്താവ് | പ്രവർത്തന വിശദീകരണം | സമയം | ചുമതല | തീയ തി |
|---|---|---|---|---|---|---|
| കളികളും പാട്ടുകളും കടങ്കഥകളും ഉൾപ്പെടുത്തി ഗണിത പഠനം ലളിതമാക്കുന്നു | മധുരം ഗണിതം | ഒന്നാം ക്ലാസിലെ കുട്ടികൾ | ഗണിത പാട്ടുകളും കടങ്കഥകളും നൽകുന്നു | ഒരു വർഷം | ക്ലാസ് ടീച്ചർ | |
| മുഴുവൻ കുട്ടികൾക്കും ഒന്നു മുതൽ ആയിരം വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പിക്കുക | | മൂന്നാം ക്ലാസിലെ കുട്ടികൾ | സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു. കിട്ടിയ സംഖ്യ വായിക്കുന്നു. മറ്റുള്ളവർ സംഖ്യ എഴുതുന്നു. തുടർന്നുവരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം. ആരോഹണ-അവരോഹണത്തിൽ പറയുന്നു. എഴുതുന്നു. ഇഷ്ടമുള്ള മൂന്നക്ക സംഖ്യ എഴുതുന്നു. അതിനടുത്തുള്ള 10 സംഖ്യകൾ എഴുതുന്നു. ഓരോ കുട്ടിക്കും ഒരു കണക്ക് പെട്ടി തയ്യാറാക്കുന്നു. ഗണിതം ആസ്വാദ്യകരമാക്കാൻ കഥകളിലൂടെയുള്ള ഗണിതം പ്രായോഗിക അനുഭവങ്ങളിലൂടെയുള്ള ഗണിത പഠനം | ഒരു വർഷം | അധ്യാപിക | ജൂൺ മുതൽ മാർച്ച് വരെ |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | ഗണിതം കളികളി ലൂടെ | നാലാം ക്ലാസ് | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ, നടപ്പിലാക്കൽ, മൂല്യനിർണയം, ഏണിയും പാമ്പും ഡയസ് കളി, സങ്കലനം, വ്യവകലനം, കച്ചവടക്കളി | ഒരു വർഷം | SRG ക്ലാസ് ടീച്ചർ | |
| ഗണിതശാസ്ത്ര പഠനം രസകരമാക്കൽ കര ചലന ശേഷി വികാസം | ഒറിഗാമി യിലൂടെ പഠിക്കാം | 3,4 | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തി ലൊരിക്ക ൽ | ക്ലാസ് ടീച്ചർ | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് | നാലാം ക്ലാസ് | ഗണിത ലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | ഒരു വർഷം | എച്ച് എം എസ് ആർ ജി ക്ലാസ് ടീച്ചർ | |
| പഠനോപകരണങ്ങളിലൂ ടെ ഗണിത പഠനം രസകരമാക്കൽ | ഗണിത പഠനോപ കരണ ശില്പശാല | നാലാം ക്ലാസ് | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം | ജൂൺ ഒക്ടോബ ർ | ക്ലാസ് ടീച്ചർ SRG | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ഗുണഭോക്താവ് | പ്രവർത്തന വിശദീകരണം | സമയം | ചുമതല | തീയതി |
|---|---|---|---|---|---|---|
| ഗണിത ശേഷികളുടെ പ്രകടനം | ഗണിതമേള | 4,5,6,7 | പ്രശ്നോത്തരി, പസിൽ, പാറ്റേൺ പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ SRG | |
| അടിസ്ഥാന ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | ഗണിത ശില്പശാല | 5,6,7 | കളി രീതിയിലൂടെ അടിസ്ഥാന പ്രക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ് ഉപയോഗിക്കുന്നു)<br>പ്രീ ടെസ്റ്റ് തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ലക്ഷ്യമാക്കി ജൂൺ മാസം 27 ന് നടത്തുന്നു. ക്ലാസുകളിലെ മിടുക്കരായ കുട്ടികളുടെയും ഗണിത അധ്യാപകരുടെയും മേൽനോട്ടത്തിൽ നടത്തുന്നു | ജൂൺ ജൂലൈ മാസം | ഗണിത അധ്യാപകൻ | ജൂൺ ജൂലൈ മാസം |
| ഗണിതം മധുരമാക്കൽ | ഗണിത പാർക്ക് | 5,6,7 | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയം മുറ്റത്ത് പാർക്ക് സജ്ജമാക്കൽ.ശാസ്ത്ര ഗണിതശാസ്ത്ര ക്ലബ്ബുകളുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്നു. വിവിധ ജ്യാമിതീയ രൂപങ്ങൾ, അവയുടെ പരപ്പളവ്, ചുറ്റളവ് എന്നിവ കുട്ടികൾ തന്നെ കൈകാര്യം ചെയ്യുന്നു. വിത്തിടൽ/ ചെടികൾ നടാൻ ഉദ്ദേശിക്കുന്ന സ്ഥലം ചതുരം, സമചതുരം, ത്രികോണം തുടങ്ങിയ ആകൃതികളിലാക്കിയാണ് ഗണിത പാർക്ക് ചെയ്യുന്നത്. | ഒരു പ്രാവശ്യം | ഗണിത സയൻസ് ക്ലബ്ബുകളുടെ സംയുക്ത പ്രവർത്തനം Fund-ഗണിത ക്ലബ്ബ്, സയൻസ് ക്ലബ്ബ്, പിടിഎ | |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ഐടി -ഗണിത സംയുക്ത പഠനം | 5,6,7 | കുട്ടികളെ ഐടി ലാബിൽ എത്തിച്ചു ഗണിത പഠനം സാധ്യമാകുന്ന രീതി.<br>ഐടി സാധ്യത ഉപയോഗിക്കാൻ കഴിയുന്ന ഗണിത പാഠഭാഗങ്ങളാണ് ഇത്തരത്തിൽ കൈകാര്യം ചെയ്യുന്നത്. | ആവശ്യാനുസരണം | ഗണിത അധ്യാപകൻ | |
| ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ഗണിത ക്ലിനിക്ക് | 5,6,7 | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകനും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട പ്രവർത്തനങ്ങൾ നൽകുന്നു. ഗണിത തല അടിസ്ഥാന ക്രിയകളിലും ചതുരം, രേഖ, വൃത്തം എന്നിവ വരയ്ക്കാൻ പിന്നാക്കം നിൽക്കുന്ന കുട്ടികളെയും പ്രീ ടെസ്റ്റ് നടത്തി തിരഞ്ഞെടുക്കുന്നു. ആഴ്ചയിൽ ഒരു ദിവസം ഈ കുട്ടികൾക്ക് സ്കൂളിൽ ഗണിതത്തിൽ മുന്നിൽ നിൽക്കുന്ന | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |

| | | | | | | |
|---|---|---|---|---|---|---|
| | | | കുട്ടികളുടെയും ഗണിത അധ്യാപകരുടെയും മേൽനോട്ടത്തിൽ ക്ലാസുകൾ എടുക്കുന്നു. | | | |

# ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ഗുണഭോക്താവ് | പ്രവർത്തന വിശദീകരണം | സമയം | ചുമതല | തീയതി |
|---|---|---|---|---|---|---|
| 5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ | പുതിയ പദങ്ങൾ പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്തു പഠിപ്പിക്കും | 5,6,7ക്ലാസിലെ കുട്ടികൾ | ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കി പഠിപ്പിക്കും | ഒരു വർഷം | ഹിന്ദി അധ്യാപിക | ജൂൺ മുതൽ മാർച്ച് വരെ |
| 2. ഹിന്ദി വായന- തെറ്റു കൂടാതെ വായിക്കുവാൻ പ്രാപ്തരാക്കുക | നിരന്തരം പുസ്തകം വായിപ്പിച്ചു കേൾപ്പിക്കും | 5,6,7ക്ലാസുകളിലെ കുട്ടികൾ | ചെറു കവിതകൾ ലഭ്യമാക്കുന്നു | ഒരു വർഷം | ഹിന്ദി അധ്യാപിക | ജൂൺ മുതൽ മാർച്ച് വരെ |
| 3. ഹിന്ദിയിൽ സംസാരം ഹിന്ദിയിൽ സംസാരിക്കുവാനുള്ള കഴിവുണ്ടാക്കി എടുക്കും | ഹിന്ദി കൂടുതലായി ക്ലാസ്സിൽ ഉപയോഗിച്ച് കുട്ടികളുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിപ്പിച്ച് ഹിന്ദിയിൽ സംസാരിക്കുവാൻ പ്രാപ്തരാക്കും | 5, 6, 7 ക്ലാസുകളിലെ കുട്ടികൾ | നിത്യജീവിതത്തിൽ സംസാരിക്കുവാൻ ആവശ്യമായ വാക്കുകൾ പരിചയപ്പെടുത്തുക അവ വായിക്കുന്നതിന് പരിശീലനം നൽകും | ഒരു വർഷം | ഹിന്ദി അധ്യാപിക | ജൂൺ മുതൽ മാർച്ച് വരെ |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ഗുണഭോക്താവ് | പ്രവർത്തന വിശദീകരണം | സമയം | ചുമതല | തീയതി |
|---|---|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷാ വായനശേഷി അളക്കുന്നതിന് | പ്രീ ടെസ്റ്റ് | 4,5,6,7ക്ലാസിലെ കുട്ടികൾ | കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷ വായനശേഷി അളക്കുന്നു പിന്നിൽ നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു പരിഹാര പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു പോസ്റ്റ് ടെസ്റ്റ് നടത്തുന്നു | ആറ് മാസം | ഇംഗ്ലീഷ് ഭാഷ അധ്യാപകർ | ജൂൺ മുതൽ ഒക്ടോബർ |
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്നതിന് | മോഡൽ അസംബ്ലി | 5, 6, 7 ക്ലാസിലെ കുട്ടികൾ | അസംബ്ലി നടത്തുന്നതിന് ആവശ്യമായ ഇംഗ്ലീഷ് ഭാഷയിൽ നൽകുന്നു പരിശീലിക്കുന്നു അസംബ്ലി നടത്തുന്നു | മൂന്നു മാസത്തിൽ ഒന്ന് | ഇംഗ്ലീഷ് ഭാഷ അധ്യാപകർ | ജൂലൈ ഒക്ടോബർ ജനുവരി |
| ഇംഗ്ലീഷ് ഭാഷ വായനശേഷി വർദ്ധിപ്പിക്കുക. | gift in a month | നാലു മുതൽ ഏഴ് വരെ ക്ലാസിലെ കുട്ടികൾ | ഓരോ മാസവും ഓരോ കോംപ്രഹെൻഷൻ പാസേജ് ക്ലാസ് ടീച്ചർ ക്ലാസിൽ നൽകുന്നു. അതുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ നൽകുന്നു. ശരിയായ ഉത്തരം കണ്ടെത്തിയ കുട്ടിയെ സെലക്ട് ചെയ്യുന്നു. | 7മാസം | ക്ലാസ് ടീച്ചർ ഇംഗ്ലീഷ് അധ്യാപകർ | ജൂലൈ മുതൽ ജനുവരി |
| വിവിധ രീതിയിൽ ഇംഗ്ലീഷ് ഭാഷ പ്രകടിപ്പിക്കുന്നതിനുള്ള അവസരം | Making a discourse | 4,5,6,7 ക്ലാസിലെ കുട്ടികൾ | മാസത്തിലൊരിക്കൽ കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷ ഇഷ്ടമുള്ള ഒരു discourse ക്ലാസിൽ അവതരിപ്പിക്കാം ഓരോ തവണയും വ്യത്യസ്ത കുട്ടികൾ ആകണം അവതരിപ്പിക്കേണ്ടത്. | എല്ലാ മാസവും (10മിനിറ്റ്) | ഇംഗ്ലീഷ് ടീച്ചർ | |
| പാഠഭാഗത്തെ ആസ്പദമാക്കി വാക്യ നിർമ്മാണം | വായന കാർഡ് നിർമ്മാണം | മൂന്നു മുതൽ ഏഴ് വരെ | മാസത്തിലൊരിക്കൽ ഇംഗ്ലീഷ് ക്ലബ്ബ് മീറ്റിംഗ് കൂടി ഓരോ കുട്ടികളും വായന കാർഡുകൾ തയ്യാറാക്കുന്നു. | ആഗസ്റ്റ് സെപ്റ്റംബർ | ഇംഗ്ലീഷ് ടീച്ചർ | രണ്ടു മാസം |
| സർഗാത്മകതാ രചനശേഷി വികസനം | ഇംഗ്ലീഷ് മാഗസിൻ | 4,5,6,7 | മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്നുമാസത്തിലൊരിക്കൽ | എച്ച് എം ക്ലാസ് ടീച്ചർ SMC (fund) | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ഗുണഭോക്താവ് | പ്രവർത്തന വിശദീകരണം | സമയം | ചുമതല | തീയതി |
|---|---|---|---|---|---|---|
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | ഇംഗ്ലീഷ് ഡയറി | ക്ലാസ് 4 | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പ് എഴുതുന്നു. | ആഴ്ചയിൽ ഒരു ദിവസം വർഷം മുഴുവനും | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | ഇംഗ്ലീഷ് കത്തെഴുത്ത് | ക്ലാസ് 4 | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ PTA(fund) | |
| വായന പരിപോഷണം | ഇംഗ്ലീഷ് കോർണർ | ക്ലാസ് 4 | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായന മൂല ഒരുക്കൽ വായന വേള ഒരുക്കൽ വായനക്കുറിപ്പ് പുസ്തക പരിചയം | രണ്ടാഴ്ച യിൽ ഒന്ന് | ക്ലാസ് ടീച്ചർ ിഎ- രക്ഷാകർത്താക്കൾ | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിൽ എത്തൽ ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിന് | ഇംഗ്ലീഷ് ഫെസ്റ്റ് | 4,5,6,7 | വായനാ മത്സരം<br>രചന മത്സരം<br>മറ്റ് സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിക്കാലം | | |

# പരിസര പഠനം

| ലക്ഷ്യം | പ്രവർത്തന ങ്ങൾ | ഗുണഭോക്താ വ് | പ്രവർത്തന വിശദീകരണം | സമയം | ചുമതല | തീയതി |
|---|---|---|---|---|---|---|
| തന്റെ ചുറ്റുപാടിനെ നീക്ഷിക്കാനും വിശകലനം നടത്താനും ചോദ്യങ്ങൾ ചോദിക്കാനുള്ള കഴിവ് നേടുക | പ്രകൃതിയെ അറിയാം | ഒന്നാം ക്ലാസിലെ കുട്ടികൾ | ചുറ്റുപാടുമുള്ള വസ്തുക്കൾ ഉപയോഗിച്ച് വിവിധതരം കളിപ്പാട്ടങ്ങൾ നിർമ്മിക്കുന്നു ഓല, മച്ചിങ്ങ, മുട്ടത്തോട്, തൂവൽ ശേഖരണം. ആൽബം നിർമ്മാണം | ഒരു വർഷം | ക്ലാസ് ടീച്ചർ | ജൂൺ ജൂലൈ |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവർ ആക്കി മാറ്റുക | പ്രീ ടെസ്റ്റ് | മൂന്നാം ക്ലാസിലെ കുട്ടികൾ | ഓരോ ദിവസവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു. വ്യക്തി ശുചിത്വം ക്ലാസ് റൂം പരിസര ശുചിത്വവും എന്നിവ ഉറപ്പാക്കുന്നു നല്ല ശീലം പോസ്റ്ററുകൾ തയ്യാറാക്കുന്നു പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കുന്നു | ഒരു വർഷം | അധ്യാപിക | ജൂൺ മുതൽ മാർച്ച് വരെ |
| കേരളം ഇന്ത്യ ഭൂപട വായന സൂചിക പരിചയപ്പെടൽ | ഭൂപടം ഒരുക്കാം | 5,6,7ക്ലാസിലെ കുട്ടികൾ | ഭൂപട വായന ഭൂപട രചന സൂചിക നിർമ്മാണം ഭൂപടം ഉപയോഗിക്കൽ | വർഷത്തിൽ ഒന്ന് | SRG ക്ലാസ് ടീച്ചർ | ആഗസ്റ്റ് നവംബർ |
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര വിസ്മയച്ചുമർ | 5,6,7ക്ലാസിലെ കുട്ടികൾ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനു സരണം | SRG ക്ലാസ് ടീച്ചർ | ആഗസ്റ്റ് |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ശാസ്ത്രോത്സ വം | 5,6,7ക്ലാസിലെ കുട്ടികൾ | പതിപ്പ് ചാർട്ട് ആൽബം പഠനോപകരണം പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിൽ ഒന്ന് | HM SRG ക്ലാസ്ടീച്ചർ | നവംബർ |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസിക | 5,6,7ക്ലാസിലെ കുട്ടികൾ | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിൽ ഒന്ന് | HM SRG ക്ലാസ് ടീച്ചർ | ഡിസംബർ |

# കലാകായികം

| ലക്ഷ്യം | പ്രവർത്ത നങ്ങൾ | ഗുണഭോക്താവ് | പ്രവർത്തന വിശദീകരണം | സമയം | ചുമതല | തീയതി |
|---|---|---|---|---|---|---|
| കുട്ടികളുടെ ശാരീരികവും മാനസികവും ആയ വികാസവും ക്ഷമതയും ഉറപ്പുവരുത്തുക | കളികൾ നിർമ്മാണ പ്രവർത്തനങ്ങൾ (കത്രിക ,പശ,Etc.) | ഒന്നാം ക്ലാസിലെ കുട്ടികൾ | നിറം നൽകാം<br>ആടാം പാടാം<br>പാട്ട് അരങ്ങ്<br>മുട്ടത്തോടിൽ ചിത്രം വരയ്ക്കാം<br>വരയരങ്ങ്<br>റോൾപ്ലേ<br>അഭിനയം<br>മൈമിംഗ് | ഒരു വർഷം | ക്ലാസ് ടീച്ചർ | |

# അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്ത നങ്ങൾ | ഗുണഭോക്താവ് | പ്രവർത്തന വിശദീകരണം | സമയം | ചുമതല | തീയതി |
|---|---|---|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്ര താൽപര്യം വളർത്തുക | ശാസ്ത്രത്തെ അറിയാം | മൂന്ന്, നാല്, അഞ്ച്, ആറ്, ഏഴ് ക്ലാസിലെ എല്ലാ കുട്ടികളും | ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങളും അവരുടെ സംഭാവനകളും ഇന്ത്യയുടെ ശാസ്ത്രനേട്ടങ്ങൾ വിവരിക്കുന്ന ചിത്രങ്ങളും വാർത്തകളും ഉൾപ്പെടുത്തി ശാസ്ത്ര പുസ്തകം തയ്യാറാക്കുക | ഒരുമാസം | സയൻസ് അധ്യാപിക | ജൂൺ മാസം |
| കുട്ടികളിൽ പരീക്ഷണ നിരീക്ഷണ താൽപര്യം വളർത്തുക | ശാസ്ത്ര പരീക്ഷണ കളരി | മൂന്ന്, നാല്, അഞ്ച്, ആറ്, ഏഴ് ക്ലാസിലെ എല്ലാ കുട്ടികളും | പാഠഭാഗത്ത് ഉൾക്കൊള്ളിച്ചിരിക്കുന്ന ലഘുപരീക്ഷണങ്ങൾ ചെയ്യാൻ കുട്ടികൾക്ക് അവസരം നൽകുന്നു പരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ നിരീക്ഷണക്കുറുപ്പ് തയ്യാറാക്കുന്നു. | ഒരു വർഷം | സയൻസ് അധ്യാപിക | ജൂൺ മുതൽ മാർച്ച് വരെ |
| 3. ശാസ്ത്രവുമായി ബന്ധപ്പെട്ട ലഘു ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള താല്പര്യം വളർത്തുക | ശാസ്ത്രനിർ മ്മിതി | 3,4,5,6,7ക്ലാസിലെ കുട്ടികൾ | പാഠഭാഗത്ത് ഉൾക്കൊള്ളിച്ചിരിക്കുന്ന പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിന് കുട്ടികൾക്ക് അവസരം നൽകുന്നു അവയ്ക്ക് പിന്നിലെ പ്രവർത്തനതത്വം കുട്ടികൾ വിശദീകരിക്കുന്നു | ഒരു വർഷം | സയൻസ് അധ്യാപിക | ജൂൺ മുതൽ മാർച്ച് വരെ |
| പഠനയാത്ര, അഭിമുഖം, സ്ഥല സന്ദർശനം എന്നിവയിലൂടെ ശാസ്ത്ര അഭിരുചി വളർത്തുന്നു | ശാസ്ത്രയാനം | 3,4,5,6,7 ക്ലാസിലെ കുട്ടികൾ | ശാസ്ത്രവുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ സന്ദർശിച്ചും വ്യക്തികളുടെ അവനുഭവങ്ങൾ കേട്ട് മനസ്സിലാക്കിയും ശാസ്ത്രത്തോടുള്ള കുട്ടികളുടെ താല്പര്യം വളർത്തുന്നു | ഒന്നോ രണ്ടോ ദിവസം | സയൻസ് ക്ലബ്ബ് | ജനുവരി |
| പ്രകൃതിയെ അടുത്തറിയാനും സംരക്ഷിക്കാനും അവസരം ഒരുക്കുന്നു | ശലഭോദ്യാനം, പൂന്തോട്ട നിർമ്മാണം | 5,6,7 ക്ലാസിലെ കുട്ടികൾ | സ്കൂളിലെ സൗകര്യപ്രദമായ സ്ഥലത്ത് ശലഭോദ്യാനം ,പൂന്തോട്ടം എന്നിവ നിർമ്മിക്കുന്ന | ഒരു വർഷം | സയൻസ് ക്ലബ് | ജൂൺ മുതൽ മാർച്ച് വരെ |

# സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ഗുണഭോക്താവ് | പ്രവർത്തന വിശദീകരണം | സമയം | ചുമതല | തീയതി |
|---|---|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന ആശയം, അറിവുകൾ പരിശോധിക്കൽ നേടിയെടുക്കൽ, ചരിത്ര അവബോധം വളർത്തൽ | ഓർമ്മയിൽ നിന്ന് | 4,5,6,7 | നമ്മുടെ നാടിന്റെ ഭൂപ്രകൃതി, നദികൾ, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ഐസിടി സാധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ ഇവയുടെ വീഡിയോ പ്രദർശനങ്ങൾ | ജൂൺ മാസം | സാമൂഹ്യശാസ്ത്ര അധ്യാപകൻ | ജൂൺ |
| പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കുട്ടികളെ ബോധവാന്മാരാക്കുന്നു | ഒന്നിച്ചു കൈകോർക്കാം | 5,6,7 ക്ലാസിലെ കുട്ടികൾ | ഭൂകമ്പ സുനാമി കൊടുങ്കാറ്റ് വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രത മനസ്സിലാക്കുകയും അഗ്നിശമന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു | ജൂൺ മാസം | സാമൂഹ്യശാസ്ത്ര അധ്യാപകൻ പി ടി എ(fund) | ജൂൺ |
| ജനാധിപത്യ സമീപനം രൂപപ്പെടുത്തുക | അരങ്ങിലേക്ക് | 5,6,7 ക്ലാസിലെ കുട്ടികൾ | ഗ്രാമസഭ, വാർഡ് സഭ എന്നിവ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനം മനസ്സിലാക്കുന്നു | അക്കാദമിക വർഷത്തിനിടയിൽ | സാമൂഹ്യശാസ്ത്ര അധ്യാപകൻ, എസ് ആർ ജി, പി ടി എ രക്ഷിതാക്കൾ (fund) | നവംബർ |
| വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗം ക്രിമിനൽ പ്രവർത്തനങ്ങൾ റോഡ് സുരക്ഷ ഇവയുടെ ബോധവൽക്കരണം | ചങ്ങലകൾ പൊട്ടിക്കാം | 5,6,7 ക്ലാസിലെ കുട്ടികൾ | സ്കൂൾ പാർലമെന്റ് എസ് എസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥർ ട്രാഫിക് പോലീസ് ഇവരുടെ സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണ ക്ലാസുകൾ | അക്കാദമിക വർഷത്തിനിടയിൽ | സാമൂഹ്യശാസ്ത്ര അധ്യാപകൻ എസ് ആർ ജി എസ് എസ് ക്ലബ്ബ് (fund) | ജൂലൈ |

| **ലക്ഷ്യം** | **പ്രവർത്ത നങ്ങൾ** | **ഗുണഭോ കതാവ്** | **പ്രവർത്തന വിശദീകരണം** | **സമയം** | **ചുമതല** | **തീയതി** |
|---|---|---|---|---|---|---|
| സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിൽ എത്തിക്കുന്നു | മുന്നേറാം | | മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ചോദ്യോത്തര വേളകൾ ക്ലാസിൽ സംഘടിപ്പിക്കുക | ജൂൺ മുതൽ മാർച്ച് വരെ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | ഒരു വർഷം |

# അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ഭൗതീകം | പ്രവർത്തന വിശദീകരണം | സമയം | ചുമതല | തീയതി |
|---|---|---|---|---|---|---|
| ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുള്ള കഴിവ് വികസിപ്പിക്കുക | അലിഫ് | | മികവിന്റെ വഴിയിൽ മുന്നറിവ് പരിശോധിക്കൽ, അക്ഷരങ്ങൾ ഉറപ്പിക്കൽ, വാചകങ്ങൾ നിർമ്മിക്കൽ, ഭാഷാ കളികൾ | മൂന്നുമാസം | പിടിഎ<br>എസ് ആർ ജി | 25/06/2025 |
| കരിക്കുലം ലക്ഷ്യം വയ്ക്കുന്ന അറബി ഭാഷാ പഠനം നേട്ടങ്ങൾ മുഴുവൻ വിദ്യാർഥികളിലും എത്തിക്കുക | ഖിറാ ആ | പത്രം,<br>മാഗസിനുകൾ<br>പുസ്തകങ്ങൾ<br>സ്കൂൾ ലൈബ്രറി | വായനോത്സവം<br>വായന മത്സരം<br>സ്കൂൾ ലൈബ്രറി അറബിക്<br>പത്രവായന അറബിക് അസംബ്ലി<br>റേഡിയോ പ്രവർത്തനം | എട്ടുമാസം | എസ് ആർ ജി<br>പി ടി എ | 18/06/2025<br>18/02/2026 |
| ഭാഷാ പഠനത്തിൽ സാങ്കേതികവിദ്യ സംവിധാനങ്ങൾക്ക് മുൻഗണന നൽകുക | അൽ അറബിയ | ഐസിടി E ടെക്സ്റ്റ് ബുക്ക്, പത്രങ്ങൾ, ആനിമേഷൻ, വീഡിയോസ് | E അറബിക് ക്ലാസ് തല പാഠപുസ്തകത്തെ E സംവിധാനങ്ങളിൽ പ്രദർശിപ്പിക്കുന്നു. സ്മാർട്ട് ക്ലാസ്സ് റൂം, E ടെസ്റ്റ് | 10 മാസം | എസ്ആർ ജി | 18/06/2025<br>18/12/2025 |
| സർഗാത്മകശേഷികൾ ഭാഷാ പഠനത്തിലൂടെ വികസിപ്പിക്കുക | അൽ ഹുനൂൻ | ഐസിടി<br>പുസ്തകങ്ങൾ<br>ചാർത്തുകൾ | ലാംഗ്വേജ് ലാബ്, അറബിക് സാഹിത്യ ശേഖരണങ്ങൾ, ചിത്രീകരണങ്ങൾ ആനിമേഷൻ ക്ലാസ് ലൈബ്രറി | 7 മാസം | എസ് ആർ ജി | 10/07/2025<br>23/02/2026 |

# ഐ റ്റി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ഗുണഭോക്താവ് | പ്രവർത്തന വിശദീകരണം | സമയം | ചുമതല | തീയതി |
|---|---|---|---|---|---|---|
| 1. ആധുനിക സാങ്കേതികവിദ്യയിലൂടെ വിനിമയം നടത്തുന്നതിന് | ഫെയ്സ്ബുക്ക് വാട്സ്ആപ്പ് എസ് എം എസ് | രക്ഷകർത്താക്കൾ വിദ്യാലയം കുട്ടികൾ അധ്യാപകർ | ഫേസ്ബുക്ക്, വാട്സ്ആപ്പ്, എസ്എംഎസ് വഴി രക്ഷകർത്താക്കൾക്ക് സ്കൂൾ പ്രവർത്തനങ്ങളെക്കുറിച്ച് വിവരങ്ങൾ കൈമാറുന്നു | ഒരു വർഷം | ഐ റ്റി ക്ലബ്ബ് എസ് ആർ ജി | ജൂൺ മുതൽ മാർച്ച് വരെ |
| 2 തൊഴിൽ നേടാനുള്ള പ്രാവീണ്യം നേടുക | മലയാളം ടൈപ്പിംഗ് | യുപി ക്ലാസ്സിലെ കുട്ടികൾ | മലയാളം ടൈപ്പിംഗ് പരിശീലനം നൽകുന്നു | ഒരു വർഷം | ഐ റ്റി ടീച്ചർ | ജൂൺ മുതൽ മാർച്ച് വരെ |
| 3.തൊഴിൽ നേടാനുള്ള പ്രാവീണ്യം നേടുക | ഡിജിറ്റൽ പെയിന്റിംഗ് പരിശീലനം | 3,4,5,6,7 ക്ലാസിലെ കുട്ടികൾ | കുട്ടികൾക്ക് ചിത്രരചനയിൽ പരിശീലനം നൽകുന്നു | ഒരു വർഷം | ഐ റ്റി ടീച്ചർ | ജൂൺ മുതൽ മാർച്ച് വരെ |

# തനതു പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്ത നങ്ങൾ | ഗുണഭോക്താവ് | പ്രവർത്തന വിശദീകരണം | സമയം | ചുമതല | തീയതി |
|---|---|---|---|---|---|---|
| വായനയിൽ പ്രാവീണ്യം നേടുക | കൈത്തിരി | കുട്ടികൾ രക്ഷകർത്താക്കൾ | അംബേദ്കർ ഗ്രാമത്തിലെ ജനങ്ങൾക്കിടയിൽ വായനശീലം വർദ്ധിപ്പിക്കുന്നതിനായി പുസ്തകങ്ങൾ വിതരണം ചെയ്യുക | ഒരു വർഷം (മാസത്തി ലൊരിക്കൽ) | എസ് ആർ ജി പി ടി എ | ജൂൺ മുതൽ മാർച്ച് വരെ |
| ഇംഗ്ലീഷ് ഭാഷയിൽ വൈദഗ്ധ്യം നേടുക | ഇ ഫോർ ഇംഗ്ലീഷ് | കുട്ടികൾ രക്ഷകർത്താക്കൾ | ഇംഗ്ലീഷ് ഭാഷയിൽ പ്രാവിണ്യം നേടുന്നതിനായി കുട്ടികൾക്കും രക്ഷകർത്താക്കൾക്കുമായുള്ള കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പാക്കേജ് | ഒരു വർഷം | ഇംഗ്ലീഷ് ക്ലബ് അധ്യാപകർ | ജൂൺ മുതൽ മാർച്ച് വരെ |
| മലയാളം ഭാഷ തെറ്റില്ലാതെ എഴുതാനും വായിക്കുന്നതിനും കഴിവ് നേടുക | മുന്നേറ്റം | മലയാളം ഭാഷയിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾ | പ്രീ ടെസ്റ്റിലൂടെയും ഭാഷയിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അധ്യാപകർ പരിശീലനം നൽകുന്നു | ഒരു വർഷം | ക്ലാസ് ടീച്ചർമാർ | ജൂൺ മുതൽ ഫെബ്രുവരി വരെ |